# കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല

മെഡിക്കൽ കോളേജ് പി.ഓ. തൃശ്ശൂർ: **680 596**

**www.kuhs.ac.in**

Document 2019/18851/1 - GENERAL - File No. 2019/8720/1
Approved by Regr on 11/07/2019 00:00:00
http://www.kuhs.ac.in
MbDeC-0yD-oqFH-ezcI
KUHS, Thrissur

## KUHS-STUDENTSHIP 2019

## അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിർദേശങ്ങൾ

1. KUHS-STUDENTSHIP-2019 നുള്ള അപേക്ഷ **ഓൺലൈൻ ആയി സമർപ്പിക്കേണ്ടതാണ്.**

2. **സർവ്വകലാശാലാ വെബ് സൈറ്റിൽ** (http://14.139.185.150/student/main/frame.html) **വിദ്യാർത്ഥികളുടെ ലോഗിനിൽ** STUDENTSHIP എന്ന ലിങ്ക് വഴി വിദ്യാർത്ഥികൾ അപേക്ഷ പ്രിൻസിപ്പാൾ/സ്ഥാപനമേധാവി സമക്ഷം സമർപ്പിക്കുകയും സമർപ്പിച്ച അപേക്ഷയുടെ പ്രിൻറ് ഔട്ട് കയ്യിൽ സൂക്ഷിക്കുകയും പ്രസ്തുത സ്ഥാനത്ത് ഒപ്പ് വെച്ച് ഒരു പകർപ്പ് റവന്യൂ അധികാരികൾ നൽകിയ ഡിജിറ്റൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ള അസ്സൽ വരുമാന സർട്ടിഫിക്കറ്റ് (Original Digitally signed Income Certificate) സഹിതം പ്രിൻസിപ്പാൾ /സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ടതുമാണ്.

3. അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന **ഡിജിറ്റൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ള അസ്സൽ വരുമാന സർട്ടിഫിക്കറ്റ് (Original Digitally signed Income Certificate), 14.08.2018 മുതൽ 13.08.2019 തിയതി** (രണ്ട് തീയതികൾ ഉൾപ്പെടെ ) വരെയുള്ള കാലയളവിൽ റവന്യൂ അധികാരികൾ നൽകിയിട്ടുള്ളതായിരിക്കണം. പ്രസ്തുത കാലയളവിനു മുൻപും അതിനു ശേഷവുമുള്ള തീയതിയിൽ ലഭിച്ചിട്ടുള്ള വരുമാന സർട്ടിഫിക്കറ്റുകൾ സ്വീകരിക്കുന്നതല്ല.

4. KUHS-STUDENTSHIP നുള്ള അപേക്ഷയിലെ വിവരങ്ങളും (പേര്, വീട്ടുപേര്, മാതാവിന്റെയും പിതാവിന്റെയും പേരുകൾ മുതലായവ ) വരുമാന സർട്ടിഫിക്കറ്റിലെ വിവരങ്ങളും സർവ്വകലാശാലയിൽ നൽകിയിട്ടുള്ള വിവരങ്ങളും സമാനമായിരിക്കണം.

5. ഡിജിറ്റൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ള അസ്സൽ വരുമാന സർട്ടിഫിക്കറ്റ് (Original Digital Income Certificate) സ്കാൻ ചെയ്തുമാത്രം അപ്‌ലോഡ് ചെയ്യുക . ഫോട്ടോ എടുത്ത് അയക്കുന്നത് സ്വീകരിക്കുന്നതല്ല. (സ്കാൻ ചെയ്യുന്നതിന് മൊബൈൽഫോണുകളിൽ CAMSCANNER പോലുള്ള GOOGLE PLAY STORE ൽ ലഭ്യമായ ആപ്പ്ളിക്കേഷനുകൾ ഉപയോഗിക്കാവുന്നതാണ്.)

6. അപേക്ഷാ ഫോമിൽ സെക്യൂരിറ്റി കോഡ് എന്നിടത്ത് ഡിജിറ്റൽ വരുമാന സർട്ടിഫിക്കററ്റിൽ താഴെ ആയി കാണുന്ന 5 അക്ക കോഡും സർട്ടിഫിക്കറ്റ് നമ്പർ എന്നിടത്ത് വരുമാന സർട്ടിഫിക്കററ്റിൽ മുകളിൽ ആയി കാണുന്ന 8 അക്ക നമ്പറും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. കൃത്യമല്ലാത്ത വിവരങ്ങൾ നൽകുന്ന അപേക്ഷകൾ

നിരസിക്കപ്പെടുന്നതാണ്.

7. അപേക്ഷകൾ സർവ്വകലാശാലയിൽ നിന്നും നിരസിക്കപ്പെട്ടാൽ അതിന്റെ വിശദമായ വിവരം പ്രിൻസിപ്പാൾ ലോഗിനിൽ കാണുവാൻ സാധിക്കുന്നതാണ്.

8. **വിദ്യാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷ പ്രിൻസിപ്പാൾ /സ്ഥാപനമേധാവി കോളേജ് രേഖകളും ആയി ഒത്തുനോക്കി ശരിയാണ് എന്ന് ഉറപ്പുവരുത്തി അവസാന തിയതി ആയ 13.08.2019 നു രാത്രി 12 മണിക്ക് മുൻപായി ഓൺലൈൻ ആയി സർവ്വകലാശാലക്ക് സമർപ്പിക്കേണ്ടതാണ്.** അപേക്ഷയിലെ നിർദിഷ്ട സ്ഥാനങ്ങളിൽ നൽകുന്ന വിവരങ്ങൾ കൃത്യവും സർവ്വകലാശാലാ രേഖകളിൽ ഉള്ളത് തന്നെയാണ് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

9. ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് പ്രിൻസിപ്പാൾ /സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തിയ ശേഷം അസ്സൽ വരുമാന സർട്ടിഫിക്കറ്റ്, ആമുഖക്കത്ത് എന്നിവ സഹിതം 2019 ആഗസ്റ്റ് മാസം 20-ാം തിയതി വൈകിട്ട് 5 മണിക്ക് മുൻപായി ഡീൻ വിദ്യാർത്ഥികാര്യങ്ങൾ , കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല , മെഡിക്കൽ കോളേജ് പി .ഒ., തൃശൂർ-680 596 എന്ന വിലാസത്തിൽ സർവ്വകലാശാലയിൽ ലഭിക്കത്തക്ക വിധത്തിൽ അയക്കേണ്ടതാണ്.

10. KUHS-STUDENTSHIP നു വേണ്ടുന്ന യോഗ്യത

    A. അൻപതിനായിരം രൂപയോ അതിൽ താഴയോ ആളോഹരി കുടുംബ വാർഷിക വരുമാനം മാത്രം ഉള്ള വിദ്യാർത്ഥികൾ.

    B. KUHS ന്റെ അഫിലിയേഷൻ നേടിയിട്ടുള്ള കോളേജുകളിൽ 2018 ൽ സർക്കാർ മെറിറ്റ് ക്വാട്ടയിൽ മാത്രം പ്രവേശനം നേടിയ വിദ്യാർത്ഥികൾ.

    C. STUDENTSHIP എന്ന പേരിൽ ഒരു ആനുകൂല്യവും ഇപ്പോൾ പഠിക്കുന്ന കോഴ്സ് കാലയളവിൽ വാങ്ങിയിട്ടില്ലാത്ത വിദ്യാർത്ഥികൾ.

11. തെറ്റായ വിവരങ്ങൾ നൽകുന്ന അപേക്ഷ നിരസിക്കുന്നതാണ് .

12. ഒരിക്കൽ നിരസിച്ച അപേക്ഷ പിന്നീട് പരിഗണിക്കുന്നതല്ല.

13. പഠന കാലയളവിനുള്ളിൽ പഠനം നിർത്തി പോവുകയാണെങ്കിൽ/ പെരുമാറ്റ ദൂഷ്യം കാരണം പിരിച്ചുവിടുകയോ/ പോലിസ് കേസ് ഉണ്ടാവുകയോ തുടങ്ങി സർവ്വകലാശാലക്ക് ഏതെങ്കിലും തരത്തിൽ മാനക്കേട്/കളങ്കം വരുത്തി വെക്കുകയോ ചെയ്താൽ ടി വിവരം പ്രിൻസിപ്പാൾ / സ്ഥാപനമേധാവി സർവ്വകലാശാലയെ അറിയിക്കേണ്ടതും KUHS-STUDENTSHIP ആയി ലഭിച്ച തുക തിരികെ ഫിനാൻസ് ഓഫീസറുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് ആയി അയച്ചു തരേണ്ടതും ആണ്.

Document 2019/18851/1 - GENERAL - File No. 2019/8720/1
Approved by Regr on 11/07/2019 00:00:00
http://www.kuhs.ac.in
MbDeC-0yD-oqFH-eZcI
KUHS, Thrissur

14. കോളേജ് പ്രിൻസിപ്പാൾ /സ്ഥാപന മേധാവി പ്രസ്തുത വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിന് വേണ്ട മാർഗ്ഗ നിർദേശങ്ങൾ വിദ്യാർത്ഥികൾക്ക് നൽകേണ്ടതും അപേക്ഷ കൃത്യ സമയത്തു തന്നെ സർവ്വകലാശാലയിൽ സമർപ്പിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതും ആണ്.

ഒപ്പ്/-

രജിസ്ട്രാർ

http://www.kuhs.ac.in Document 2019/18851/1 - GENERAL - File No. 2019/8720/1
MbDeC-OyD-oqFH-ezcI Approved by Regr on 11/07/2019 00:00:00
KUHS, Thrissur

Phone : 0487-2207664, 2207642 Fax : 0487 – 2207616, 2207620 e-mail: keralahealthuniversity@gmail.com